പത്രക്കുറിപ്പ്

31-10-2017

## 'കുടുംബശ്രീ ഒരു നേർച്ചിത്രം' ഫോട്ടോഗ്രാഫി മത്സരം

തിരുവനന്തപുരം : ഫോട്ടോഗ്രാഫിയിൽ താൽപര്യമുള്ള വ്യക്തികളുടെ സർഗാത്മക ശേഷി പ്രോത്സാഹിപ്പിക്കുക, കുടുംബശ്രീ പ്രവർത്തനം ഫോട്ടോകളിലൂടെ ജനങ്ങളിലേക്കെത്തിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി കുടുംബശ്രീ മിഷൻ 'കുടുംബശ്രീ ഒരു നേർച്ചിത്രം' എന്ന വിഷയത്തിൽ ഒരു ഫോട്ടോഗ്രാഫി മത്സരം സംഘടിപ്പിക്കുന്നു. ദാരിദ്ര്യ നിർമ്മാർജ്ജനം സ്ത്രീ ശാക്തീകരണത്തിലൂടെ എന്ന ആപ്തവാക്യം മുൻനിർത്തി പ്രവർത്തിക്കുന്ന കുടുംബശ്രീ കേരള സമൂഹത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിച്ച് 19 സുവർണ്ണ വർഷങ്ങളാണ് പിന്നിട്ടു കഴിഞ്ഞിരിക്കുന്നത്. ഈ നാൾവഴിയിൽ കുടുംബശ്രീയുടെ മുഖമുദ്രയായി തീർന്ന മികച്ച പ്രവർത്തനങ്ങൾ പ്രതിപാദിക്കുന്ന വിഷയങ്ങൾ ഉൾപ്പെടുത്തിയ ചിത്രങ്ങളായിരിക്കണം മത്സരത്തിൽ പങ്കെടുക്കുന്നവർ സമർപ്പിക്കേണ്ടത്. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 2017 നവംബർ 25.

വിദഗ്ധ ജൂറി തെരഞ്ഞെടുക്കുന്ന ഏറ്റവും മികച്ച ചിത്രത്തിന് 20,000/- രൂപ ക്യാഷ് അവാർഡ് ആയി നൽകും. മികച്ച രണ്ടാമത്തെ ചിത്രത്തിന് 10,000/- രൂപയും മൂന്നാമത്തെ ചിത്രത്തിന് 5000/- രൂപയുമാണ് സമ്മാനം. കൂടാതെ പത്ത് പേർക്ക് 1000 രൂപ വീതം പ്രോത്സാഹന സമ്മാനമായും ജൂറി നിർദ്ദേശിക്കുന്ന 50 പേർക്ക് ഒരു വർഷത്തേക്ക് 'കേരളത്തിന്റെ കുടുംബശ്രീ' മാസികയുടെ സൗജന്യ സബ്സ്ക്രിപ്ഷനും നൽകും. ഇതു സംബന്ധിച്ച വിശദ വിവരങ്ങൾ അടങ്ങിയ നോട്ടിഫിക്കേഷന്റെ പൂർണ്ണരൂപം www.kudumbashree.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

എക്സിക്യൂട്ടീവ് ഡയറക്ടർ

കുടുംബശ്രീ